# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

<u>കാര്‍ഷിക നയം</u>

1359 ശ്രീ. എ. പി. അബ്ദുളളക്കുട്ടി
,, വര്‍ക്കല കഹാര്‍
,, ലൂഡി ലൂയിസ്
,, ഡൊമിനിക് പ്രസന്റേഷന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) ജൈവകൃഷിയിലൂന്നിയ കാര്‍ഷികനയം രൂപീകരിക്കാന്‍ ആലോചനയുണ്ടോ ;

(ബി) എങ്കില്‍ നയം രൂപീകരിക്കുന്നതിന് ഉന്നതതല സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ;

(സി) പ്രസ്തുത നയം എന്നുമുതല്‍ പ്രാബല്യത്തില്‍ വരുത്താനാണ് ഉദ്ദേശിക്കുന്നതെന്നറിയിക്കുമോ ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**കാർഷികോത്പാദനം വർദ്ധിപ്പിക്കാൻ നടപടി**

1360 ശ്രീ. ലൂഡി ലൂയിസ്
,, ഡൊമിനിക് പ്രസന്റേഷൻ
,, ഷാഫി പറമ്പിൽ
,, വി.റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷികോത്പാദനം ആനുപാതികമായും കാലാനുസൃതമായും വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) കാർഷിക വിളകളുടെ ഉത്പാദനത്തിൽ എത്രമാത്രം വർദ്ധനവാണ് ഈ വർഷം ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായം പൂർണ്ണമായും നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) തരിശുനിലങ്ങളിൽ പുതുതായി കൃഷി ചെയ്യുന്നതിന് എന്തു ധനസഹായമാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ

# 15.06.2012 -ലെ മറുപടിക്ക്

**കാർഷിക വിപണിയിൽ ഇടപെടുന്നതിനുള്ള സഹായം**

1361 ശ്രീ. പി. ശ്രീരാമകൃഷ്ണൻ
,, കെ. വി. വിജയദാസ്
,, റ്റി. വി. രാജേഷ്
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാർഷികവിപണിയിൽ ഇടപെട്ട് സഹായം നൽകൽ പദ്ധതി പ്രകാരം 2011-12 പുതുക്കിയ ബജറ്റിൽ എന്ത് തുക വകയിരുത്തിയിരുന്നു;

(ബി) ഈ തുക ഏതെല്ലാം സംഭരണ ഏജൻസികൾക്ക് നൽകിയെന്ന് കണക്കു തിരിച്ച് വ്യക്തമാക്കാമോ;

(സി) ഏതെല്ലാം കാർഷികോൽപന്നങ്ങളാണ് ഈ പദ്ധതിയിൻപ്രകാരം 2011-12 വർഷത്തിൽ സംഭരണം നടത്തിയത്;

(ഡി) ഈ പദ്ധതിയുടെ പ്രവർത്തനം സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**കൃഷിവകുപ്പിന്റെ പദ്ധതി നിർവ്വഹണ പുരോഗതി**

1362 **ശ്രീ. എം. ഹംസ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പിന്റെ പദ്ധതി നിർവ്വഹണ പുരോഗതി വളരെ കുറവാണെന്ന കാര്യം ശ്രദ്ധയിലുണ്ടോ;

(ബി) പാലക്കാട് ജില്ലയിൽ കാർഷിക നഷ്ടപരിഹാര ക്ലെയിമായി എത്ര രൂപയാണ് കർഷകർക്ക് നൽകിയത് എന്ന വിശദാംശം ലഭ്യമാക്കാമോ;

(സി) കൃഷിവകുപ്പിൽ പദ്ധതിപ്രവർത്തന നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പാലക്കാട് ജില്ലയിൽ, എത്ര കൃഷി ഓഫീസർമാരുടെ ഒഴിവുകളുണ്ട്; അത് നികത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

<u>കാർഷികോല്പന്നങ്ങളുടെ വിലയിടിവ്</u>

1363 ശ്രീ. ജി. സുധാകരൻ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, ജെയിംസ് മാത്യു
,, ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷിമേഖലയിൽ വിലയിടിവ് നേരിടുന്ന കാർഷികോല്പന്നങ്ങൾ ഏതെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ;

(ബി) ഇവയിൽ ഏതെല്ലാം ഉല്പന്നങ്ങൾക്കാണ് നിലവിൽ താങ്ങുവില/തറവില പ്രഖ്യാപിച്ചിട്ടുള്ളത് ;

(സി) ഇത്തരത്തിൽ വിലയിടിവ് നേരിടുന്ന ഉല്പന്നങ്ങൾ സർക്കാർ സംവിധാനം ഉപയോഗിച്ച് സംഭരണം നടത്തി അവ സംസ്കരിക്കുന്നതിന് ഉതകുന്ന തരത്തിൽ കാർഷികാധിഷ്ഠിത വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നിലവിൽ എന്തെങ്കിലും പദ്ധതി സർക്കാർ ആസൂത്രണം ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇത് പരിഗണിക്കുമോ ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

<u>കൃഷി വകുപ്പിന്റെ കീഴിൽ നടപ്പാക്കി വരുന്ന പദ്ധതികൾ</u>

1364 ശ്രീ. എ.കെ. ബാലൻ
,, കെ. രാധാകൃഷ്ണൻ
ശ്രീമതി കെ.കെ. ലതിക
ശ്രീ. പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് നടപ്പാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ ;

(ബി) പദ്ധതികളുടെ നടത്തിപ്പിനായി കഴിഞ്ഞ സാമ്പത്തിക വർഷം നീക്കിവെച്ചിരുന്ന തുക പൂർണ്ണമായും ചെലവഴിക്കാൻ സാധിച്ചുവോ ; വിശദാംശങ്ങൾ നൽകാമോ ;

(സി) കർഷക ആത്മഹത്യകൾ ഉണ്ടാകുന്ന സാഹചര്യത്തിൽ ഈ പദ്ധതികളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

(ഡി) കർഷക ആത്മഹത്യ തടയുന്നതിന് ഈ പദ്ധതികളുടെ നടത്തിപ്പുകൊണ്ടു മാത്രം സാധിക്കുമോ;

(ഇ) എങ്കിൽ കർഷക ആത്മഹത്യ തടയുന്നതിന് പ്രത്യേക പാക്കേജ് കേന്ദ്രസഹായത്തോടെ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

**കേരള നിയമസഭ**

**15.06.2012 -ലെ മറുപടിക്ക്**

**'വരുമാനഭദ്രത' പദ്ധതി**

**1365** **ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**,, വി. റ്റി. ബൽറാം**
**,, പി. സി. വിഷ്ണുനാഥ്**
**,, എം. എ വാഹീദ്**

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) **വരുമാനഭദ്രത എന്ന രീതിയിൽ കർഷകർക്ക് സഹായം നൽകുന്നതിനായി ഒരു പുതിയ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;**

(ബി) **എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്;**

(സി) **ഏതെല്ലാം വിളകൾക്കാണ് പ്രസ്തുത പദ്ധതി വഴി സഹായം ലഭിക്കുന്നത്?**

**കേരള നിയമസഭ**

**15.06.2012 -ലെ മറുപടിക്ക്**

**<u>കാർഷിക സ്വയം പര്യാപ്തത</u>**

1366 **ശ്രീ. മോൻസ് ജോസഫ്**
**,, സി. എഫ്. തോമസ്**
**,, തോമസ് ഉണ്ണിയാടൻ**
**,, റ്റി. യു. കുരുവിള**

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) **കാർഷിക സ്വയംപര്യാപ്തതയ്ക്ക് സർക്കാർ സ്വീകരിച്ചിട്ടുളള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;**

(ബി) **സംസ്ഥാനത്തിന്റെ കാർഷിക പുരോഗതിയ്ക്ക് പ്രത്യേക ഘടക പദ്ധതികൾ നടപ്പാക്കുന്നതിന് എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;**

(സി) **കാർഷിക മേഖലക്കുളള കൂടുതൽ പദ്ധതികൾ നടപ്പാക്കാൻ എന്തെല്ലാം പുതിയ നടപടികൾ ആവിഷ്ക്കരിക്കുമെന്ന് വ്യക്തമാക്കാമോ?**

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**കാർഷിക മേഖലയിലെ മുരടിപ്പിന് പരിഹാരം ഉണ്ടാക്കാൻ നടപടി**

1367 ശ്രീ. എം. ചന്ദ്രൻ
,, കെ. രാധാകൃഷ്ണൻ
,, രാജു എബ്രഹാം
,, പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാർഷികമേഖലയിലെ മുരടിപ്പിന് പരിഹാരം കാണുന്നത് മുഖ്യലക്ഷ്യമായിരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നുവോ ; എങ്കിൽ ഇതിനായി പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കുകയുണ്ടായോ ; വിശദമാക്കാമോ ;

(ബി) കാർഷികമേഖലയിൽ ഇപ്പോൾ മുരടിപ്പ് മാറിയതായി കരുതുന്നുണ്ടോ ; മുൻ സാമ്പത്തികവർഷം കാർഷിക മേഖലയ്ക്ക് മൊത്തം ബഡ്ജറ്റിലെ നീക്കീയിരിപ്പ് എത്രയായിരുന്നു. അതിൽ എത്ര ശതമാനം ചെലവഴിക്കുകയുണ്ടായി ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**<u>കാര്‍ഷിക മേഖലയിലെ ഉല്പാദന ക്ഷമത വര്‍ദ്ധിപ്പിക്കാന്‍ നടപടി</u>**

1368 **ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കാര്‍ഷിക മേഖലയുടെ വികസനത്തിനായി എന്തെല്ലാം പദ്ധതികള്‍ നടപ്പാക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; കാര്‍ഷിക മേഖലയിലെ ഉല്പാദന ക്ഷമത വര്‍ദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികള്‍ സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(ബി) സഹകരണ സംഘങ്ങള്‍ വഴി കാര്‍ഷിക പദ്ധതികളുടെ ആസൂത്രണം, നിര്‍വ്വഹണം എന്നിവ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**

**15.06.2012 -ലെ മറുപടിക്ക്**

**<u>കാര്‍ഷികോല്പന്നങ്ങളുടെ വിലയിടിവ്</u>**

**1369 ശ്രീ. എം. ഉമ്മര്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഈ വര്‍ഷം സ്വീകരിക്കാനുദ്ദേശിക്കുന്ന പ്രത്യേക പരിപാടികളെക്കുറിച്ച് വിശദമാക്കുമോ ;

(ബി) കാര്‍ഷികോല്പന്നങ്ങളുടെ വിലയിടിവ് തടയുന്നതിനായി സ്വീകരിച്ച മാര്‍ഗ്ഗങ്ങള്‍ വ്യക്തമാക്കാമോ ;

(സി) പച്ചക്കറി വില കുറച്ച് നല്‍കുന്നതിനായി ആരംഭിച്ച മൊബൈല്‍ സ്റ്റാളുകള്‍ കൂടുതല്‍ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ഡി) നെല്‍കൃഷിക്കാര്‍ക്കായി നടപ്പാക്കി വരുന്ന പ്രത്യേക സഹായം ഏതെല്ലാമെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**<u>നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിക്കൽ</u>**

**1370 ശ്രീ. എ. കെ. ബാലൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നെല്ല് ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ അധികാരമേറ്റ ശേഷം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപ എന്നുമുതലാണ് വർദ്ധിപ്പിച്ച് നൽകിയത് ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

<u>നെല്ലിന്റെ സംഭരണ വിഹിതം</u>

1371 ശ്രീ. മുല്ലക്കര രത്നാകരൻ
,, ചിറ്റയം ഗോപകുമാർ
,, ഇ. കെ. വിജയൻ
ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

നെല്ലിന്റെ സംഭരണ വിഹിതമായി കേന്ദ്രം സംസ്ഥാന സർക്കാരിന് സഹായം അനുവദിക്കാറുണ്ടോ; എങ്കിൽ ഈ ഇനത്തിൽ ഇനി കേന്ദ്രത്തിൽ നിന്നും എത്ര തുക ലഭിക്കാനുണ്ട് ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടപടികൾ**

1372 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ നെൽകൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി ഗണ്യമായി കുറഞ്ഞുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ;

(ബി) നെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) നെൽകൃഷിയെ പോലെതന്നെ വിവിധ വിളകൾ കൃഷി ചെയ്യുന്ന ഭൂവിസ്തൃതി കുറയുകയും ഉത്പാദനം തന്നെ കുറഞ്ഞുവരികയും ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു പരിഹരിക്കുന്നതിനായി എന്തെല്ലാം ക്രിയാത്മക നടപടികൾ ആണ് കൃഷി വകുപ്പ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 15.06.2012 –ലെ മറുപടിക്ക്

<u>നെൽവയൽ തണ്ണീർത്തട ഡേറ്റാ ബാങ്ക്</u>

1373 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽവയൽ തണ്ണീർത്തട നിയമപ്രകാരമുള്ള ഡേറ്റാബാങ്ക് പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) ഇവ പ്രസിദ്ധീകരിക്കാത്ത കൃഷിഭവനുകൾ ഏതൊക്കെയാണ്?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**നെല്‍കൃഷിക്ക് പ്രോത്സാഹനം**

**1374** **ശ്രീ. കെ. രാജു**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) **സംസ്ഥാനത്ത് നെല്‍കര്‍ഷകര്‍ക്ക് ഉല്‍പാദന ബോണസായി ഇപ്പോള്‍ ഹെക്ടറിന് എത്ര രൂപ നിരക്കിലാണ് ആനുകൂല്യം നല്‍കുന്നതെന്ന് വ്യക്തമാക്കുമോ;**

(ബി) **പ്രസ്തുത തുക വര്‍ദ്ധിപ്പിക്കുന്നതിനുള്ള നടപടികള്‍ സ്വീകരിക്കുവാന്‍ ഉദ്ദേശിക്കുന്നുണ്ടോ; സംസ്ഥാനത്ത് നെല്‍കൃഷിക്ക് പ്രോല്‍സാഹനം നല്‍കുന്ന എന്തൊക്കെ പദ്ധതികളാണ് നിലവില്‍ നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ;**

(സി) **ഗ്രൂപ്പ്ഫാമിംഗ് സമ്പ്രദായം നെല്‍കൃഷിയില്‍ ആവിഷ്ക്കരിച്ച് നടപ്പിലാക്കുവാന്‍ ഉദ്ദേശിക്കുന്നുണ്ടോ?**

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

<u>നബാര്‍ഡ് സഹായത്തോടെ നെല്‍കൃഷി വികസനം</u>

1375 **ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റര്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) **കോഴിക്കോട് ജില്ലയിലെ ആവളപ്പാണ്ടി പ്രദേശത്ത് നബാര്‍ഡ് സഹായത്തോടെ നടപ്പിലാക്കുന്ന നെല്‍കൃഷി വികസനം ഇപ്പോള്‍ ഏത് ഘട്ടത്തിലാണ്;**

(ബി) **പ്രസ്തുത പ്രദേശത്ത് നെല്‍കൃഷി വികസനത്തിനു വേണ്ടി നടപ്പിലാക്കിവരുന്ന മറ്റ് പദ്ധതികള്‍ ഏതെല്ലാമെന്നും ഇതിനായി എത്ര തുകവീതം അനുവദിച്ചുവെന്നും എത്ര തുക ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ?**

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**<u>കുറ്റ്യാടി മണ്ഡലത്തിലെ നെൽകൃഷി വികസനം</u>**

1376 **ശ്രീമതി കെ. കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിൽ നെൽകൃഷി നടത്തുന്നതിന് അനുയോജ്യമായ എത്ര ഹെക്ടർ വയൽഭൂമി ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ എന്നും അത് എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വയലുകളിൽ നെൽകൃഷി വ്യാപിപ്പിക്കുന്നതിന് കൃഷി വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**കിസാന്‍ അഭിമാന്‍ പദ്ധതി**

1377 ശ്രീമതി. ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കിസാന്‍ അഭിമാന്‍ പദ്ധതിക്ക് കീഴില്‍ എത്ര നെല്‍ കര്‍ഷകര്‍ക്ക് ഇപ്പോള്‍ പെന്‍ഷന്‍ ലഭിക്കുന്നുണ്ട്;

(ബി) കര്‍ഷക പെന്‍ഷന്‍ ലഭിക്കുന്നതിന് എന്തെങ്കിലും പൊതു മാനദണ്ഡങ്ങള്‍ ഏര്‍പ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങള്‍ ലഭ്യമാക്കുമോ;

(സി) എല്ലാ കര്‍ഷകര്‍ക്കും പെന്‍ഷന്‍ എന്നു മുതല്‍ നല്‍കി തുടങ്ങാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**പൊക്കാളിപ്പാടങ്ങളിലെ തൊഴിലാളിക്ഷാമം**

**1378** **ശ്രീ. എസ്. ശര്‍മ്മ**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) **പൊക്കാളിപ്പാടങ്ങളിലെ തൊഴിലാളിക്ഷാമം പരിഹരിക്കുവാന്‍ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെടുത്തി തൊഴിലാളികളുടെ ലഭ്യത ഉറപ്പുവരുത്തുവാന്‍ ഉദ്ദേശിക്കുന്നുണ്ടോ; എങ്കില്‍ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;**

(ബി) **നെല്ലുല്പാദനം വര്‍ദ്ധിപ്പിക്കുന്നതിനും, സംരക്ഷിക്കുന്നതിനും കര്‍ഷകര്‍ക്ക് നല്‍കിവരുന്ന സഹായങ്ങള്‍ ഏതൊക്കെയെന്ന് വിശദമാക്കാമോ ?**

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**<u>പൊക്കാളികൃഷി ചെയ്യുന്ന നെൽപ്പാടങ്ങൾക്ക് ചിറകെട്ടി സംരക്ഷണം</u>**

1379 **ശ്രീ. എസ്. ശർമ്മ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പൊക്കാളികൃഷി ചെയ്യുന്ന നെൽപ്പാടങ്ങൾ ചിറകെട്ടി സംരക്ഷിക്കുന്നതിന് കർഷകർക്ക് സഹായം ലഭ്യമാക്കുന്നുണ്ടോ ;

(ബി) പൊക്കാളി പാടങ്ങൾ ആഴം വർദ്ധിപ്പിക്കുന്നതിനും, കൽച്ചിറ കെട്ടി സംരക്ഷിക്കുന്നതിനും പദ്ധതിയുണ്ടോ; വിശദമാക്കാമോ ;

(സി) ഇത്തരം പാടങ്ങളിൽ നെല്ല് കൊയ്ത് എടുക്കുന്നതിന് യന്ത്രവത്കൃത സംവിധാനമുണ്ടോ ;

(ഡി) എങ്കിൽ കൊയ്ത്ത് ഫലപ്രദമായി നടത്തുന്നതിന് കർഷകരെ ഏത് രീതിയിലാണ് സഹായിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**കോൾമേഖലാവികസനത്തിനായി പദ്ധതി**

1380 **ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി-തൃശൂർ കോൾമേഖലാ വികസനത്തിനായി എത്ര കോടി രൂപയാണ് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ളത്

(ബി) ഇതിനായി മാസ്റ്റർപ്ലാനോ, പ്രോജക്ടുകളോ കേന്ദ്രത്തിന് സമർപ്പിച്ചിരുന്നോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ; എന്നാണ് ഇത് സമർപ്പിച്ചിരുന്നത് എന്ന് വിശദമാക്കാമോ;

(സി) ഏതൊക്കെ പദ്ധതികളിലാണ് ഈ പണം ചെലവഴിക്കാൻ കഴിയുക; വിശദമാക്കുമോ;

(ഡി) കൃഷിവകുപ്പിൽ നിലവിൽ പദ്ധതി നടത്തിപ്പിനായി മാസ്റ്റർപ്ലാൻ തയ്യാറായിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ഇ) പദ്ധതി നിർവഹണം പൊന്നാനി കോൾ ഡവലപ്മെന്റ് അതോറിറ്റിയുടെ നേതൃത്വത്തിലാണോ നടക്കുക; പി.കെ.ഡി.എ.യുടെ പങ്ക് വിശദമാക്കാമോ?

## കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**കോൾ നിലങ്ങളുടെ വികസന പാക്കേജ്**

1381 **ശ്രീ. കെ. ശിവദാസൻ നായർ**
**,, ജോസഫ് വാഴക്കൻ**
**,, അൻവർ സാദത്ത്**
**,, കെ. അച്ചുതൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോൾ നിലങ്ങളുടെ വികസന പാക്കേജിന് കേന്ദ്ര ഗവൺമെന്റ് അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതി നടപ്പിലാക്കാനുള്ള കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ;

(സി) പദ്ധതി നടത്തിപ്പിനുള്ള വായ്പകൾ ഏതെല്ലാം ഏജൻസികളിൽ നിന്നുമാണ് ലഭിക്കുന്നത്?

## കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**കുട്ടനാട് പാക്കേജിലെ പദ്ധതികൾ**

1382 **ശ്രീ. ജി. സുധാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി കൃഷി, മൃഗസംരക്ഷണ വകുപ്പുകൾ നടപ്പാക്കുന്ന പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇതുവരെ ഏതെല്ലാം പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി അമ്പലപ്പുഴ മണ്ഡലത്തിൽ കൃഷി, മൃഗസംരക്ഷണ വകുപ്പുകൾ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**കുട്ടനാട് പാക്കേജിൽ സംരക്ഷണഭിത്തികളുടെ നിർമ്മാണം**

1383 ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. സി. കെ. സദാശിവൻ
'' ആർ. രാജേഷ്
പ്രൊഫ. സി.രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിനോടനുബന്ധിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) നിർമ്മാണപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വൻക്രമക്കേടുകൾ നടക്കുന്നതായി ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്മേൽ സ്വീകരിച്ച തുടർനടപടികൾ എന്തൊക്കെയാണ് ;

(സി) ഇത്തരത്തിൽ കോൺക്രീറ്റ്/സ്ലാബ് രീതിയിൽ സംരക്ഷണഭിത്തികൾ നിർമ്മിച്ചതിൽ ഉണ്ടായിട്ടുള്ള അപാകതകളെ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ?

# കേരള നിയമസഭ

## 15.06.2012 -ലെ മറുപടിക്ക്

**കുട്ടനാട് പാക്കേജിൽ കൃഷി വകുപ്പ് ഏറ്റെടുത്ത് നടപ്പാക്കിയ പ്രവൃത്തികൾ**

1384 ശ്രീ. പി.കെ. ഗുരുദാസൻ
,, ജി. സുധാകരൻ
,, എ.എം. ആരീഫ്
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിൽ കൃഷി വകുപ്പുമായി ബന്ധപ്പെട്ട് ഏറ്റെടുത്ത് നടപ്പാക്കിയ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഈ പ്രവൃത്തികൾക്കായി കേന്ദ്രം നാളിതുവരെ അനുവദിച്ചത് എത്ര തുകയാണ്;

(ബി) പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) പണമല്ല ഏകോപനമില്ലായ്മയാണ് പാക്കേജ് നടപ്പാക്കുന്നതിനുള്ള പ്രധാന പ്രശ്നം എന്ന ശ്രീ.എം.എസ്. സ്വാമിനാഥന്റെ അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ;

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷാവസാനം വരെയുള്ള കാലയളവിൽ കൃഷിവകുപ്പിന് അനുവദിക്കപ്പെട്ട തുകയിൽ നിന്നും എത്ര രൂപ ചെലവഴിക്കാൻ സാധിച്ചു എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ

## 15.06.2012 -ലെ മറുപടിക്ക്

**ഒരു നെല്ലും മീനും പദ്ധതി**

1385 **ശ്രീ. പി. തിലോത്തമൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുൻകാലങ്ങളിൽ നടപ്പിലാക്കിയിരുന്ന 'ഒരു നെല്ലും മീനും' പദ്ധതി ഇപ്പോഴും നിലവിലുണ്ടോ ; ഇതിനുവേണ്ടി എന്തെല്ലാം സഹായങ്ങൾ നിലവിൽ നൽകി വരുന്നുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) തുറവൂർ കരിനില ഏജൻസിയിൽ ഒരു നെല്ലും മീനും പദ്ധതി അട്ടിമറിക്കപ്പെടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; തേനാട്, 16-ാം മൈൽ, 19-ാം മൈൽ എന്നിവിടങ്ങളിലെ ബണ്ടുകൾ സുരക്ഷിതമാക്കി ഒരു നെല്ലും മീനും പദ്ധതി സുരക്ഷിതമായി നടപ്പിലാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**എല്ലാ മണ്ഡലങ്ങളിലും നിറവ് പദ്ധതി**

**1386** **ശ്രീ. പി.കെ. ബഷീര്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
കൃഷിയും മൃഗസംരക്ഷണവും
അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) നിറവ് പദ്ധതിയിലൂടെ ഏതെല്ലാം കാര്‍ഷികവൃത്തികളുടെ വികസനമാണ് ലക്ഷ്യമിടുന്നത്;

(ബി) ഇപ്പോള്‍ പ്രസ്തുത പദ്ധതി എത്ര നിയോജകമണ്ഡലങ്ങളില്‍ നടപ്പിലാക്കി; ബാക്കിയുള്ള എല്ലാ മണ്ഡലങ്ങളിലും പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) നിറവ് പദ്ധതിയുടെ വിശദാംശങ്ങള്‍ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**'നിറവ് പദ്ധതി'**

**1387 ശ്രീ. ജെയിംസ് മാത്യു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നിറവ് പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) സംസ്ഥാനത്ത് എത്ര നിയോജക മണ്ഡലങ്ങളിൽ ഇതിനകം നിറവ് പദ്ധതി ആരംഭിച്ചിട്ടുണ്ട് ;

(സി) നിറവ് പദ്ധതി നടപ്പിലാക്കുന്നതിന് മണ്ഡലം തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ; വിശദമാക്കാമോ ;

(ഡി) തളിപ്പറമ്പ് നിയോജക മണ്ഡലത്തെ നിറവ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

<u>'നിറവ് പദ്ധതി'യുടെ വിശദാംശം</u>

**1388 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നിറവ് പദ്ധതി പ്രകാരം കാർഷിക - മൃഗസംരക്ഷണ മേഖലയിലെ വിവിധ പദ്ധതികൾക്കായി പേരാമ്പ്ര മണ്ഡലത്തിൽ എത്ര രൂപ അനുവദിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ബി) ഓരോ മേഖലയിലും അനുവദിച്ച തുക, പദ്ധതിയുടെ പേര്, ചെലവഴിച്ച തുക എന്നിവ ഇനം തിരിച്ച് വെളിപ്പെടുത്തുമോ ?

**കേരള നിയമസഭ**

**15.06.2012 -ലെ മറുപടിക്ക്**

**''നിറവ്'' പദ്ധതി**

**1389 ശ്രീമതി. കെ. എസ്. സലീഖ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വിത്ത് മുതൽ വിപണിവരെയുള്ള സമഗ്രകാർഷിക വികസന പദ്ധതി-''നിറവ്''-നിലവിൽ എത്ര നിയോജക മണ്ഡലങ്ങളിൽ നടപ്പിൽ വരുത്തി; ഏതൊക്കെ നിയോജകമണ്ഡലത്തിലെന്നും അതുവഴി കൃഷിക്കാർക്ക് ലഭിക്കുന്ന നേട്ടവും വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നെല്ല് കൃഷി നടത്തി കടം കയറിയ എത്ര നെല്ല് കർഷകർ ആത്മഹത്യ ചെയ്തു; നെല്ല് കർഷകരെ ആത്മഹത്യയിൽ നിന്ന് ഒഴിവാക്കുന്നതിന് കഴിയുന്നത്ര സാമ്പത്തിക സഹായം സർക്കാരിന്റെ ഭാഗത്ത് നിന്നും നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**കടുത്തുരുത്തി നിയോജകണ്ഡലത്തിലെ 'നിറവ്' പദ്ധതി**

1390 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നിറവ് പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) ഈ വർഷം പ്രസ്തുത പദ്ധതി ഏതെല്ലാം പഞ്ചായത്തുകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു;

(സി) കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ നിറവ് പദ്ധതി ആരംഭിക്കണമെന്ന് ആവശ്യപ്പെട്ട് PB2/10202/12 എന്ന ഫയൽ നമ്പർ പ്രകാരമുള്ള എം.എൽ.എ.-യുടെ നിവേദനത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**കാര്‍ഷികമേഖലയുടെ നവീകരണത്തിനും ഉല്‍പാദനവര്‍ദ്ധനവിനും നടപടികള്‍**

1391 ശ്രീ. പി.തിലോത്തമന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കാര്‍ഷിക മേഖലയുടെ നവീകരണത്തിനും ഉല്‍പാദന വര്‍ദ്ധന വിനും വേണ്ടി നടപ്പിലാക്കുന്ന കാര്യങ്ങള്‍ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സര്‍ക്കാര്‍ നിലവില്‍ വന്നതിനുശേഷം നെല്ലിന്റെയും നാളികേരത്തിന്റയും ഉല്‍പാദനം വര്‍ദ്ധിച്ചിട്ടുണ്ടോ; എങ്കില്‍ എത്ര ശതമാനം വര്‍ദ്ധനവുണ്ടായി എന്നു വ്യക്തമാക്കാമോ;

(സി) വര്‍ഷങ്ങളായി നഷ്ടം സഹിച്ച് നെല്‍കൃഷി ചെയ്തു വരുന്ന കര്‍ഷകര്‍ക്ക് പ്രോത്സാഹനം നല്‍കാന്‍ ഈ സര്‍ക്കാര്‍ നടപടി സ്വീകരിക്കുമോ;

(ഡി) സര്‍ക്കാര്‍ പുതുതായി ആനുകൂല്യം പ്രഖ്യാപിക്കുമ്പോള്‍ കര്‍ഷകര്‍ക്ക് സാമ്പത്തിക സഹായം നല്‍കാനും പലിശയില്ലാതെ വായ്പ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**കൃഷി ഭൂമികൾ ഉപയോഗയോഗ്യമാക്കുന്നതിന് നടപടി**

1392 **ശ്രീ. സി. കെ. നാണു**
**,, ജോസ് തെറ്റയിൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) **കൃഷിയോഗ്യമായ കൃഷിഭൂമി തരിശായിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;**

(ബി) **എങ്കിൽ ഇത്തരം ഭൂമി ഉപയോഗയോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?**

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**കടക്കരപ്പള്ളി - ഓരുവെള്ള പ്രശ്നം**

1393 **ശ്രീ. പി. തിലോത്തമൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

കടക്കരപ്പള്ളി, പട്ടണക്കാട് മേഖലയിൽ ഓരുവെള്ള പ്രശ്നം കർഷകരെയും കാർഷികമേഖലയേയും വളരെ പ്രതികൂലമായി ബാധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഓരുവെള്ള പ്രശ്നം അടിയന്തിരമായി പരിഹരിച്ച് കാർഷിക മേഖലയെ രക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

## തരിശിടുന്ന കൃഷിഭൂമി

1394 ശ്രീ. ബാബു. എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) വിദഗ്ദ്ധ തൊഴിലാളികളുടെ ക്ഷാമം, രാസവളങ്ങളുടെ വർദ്ധിച്ച വിലക്കയറ്റം, കാർഷിക വിളകളുടെ വിലയിടിവ് എന്നീ കാരണങ്ങളാൽ കൃഷി ഭൂമി തരിശിടുന്ന പ്രവണതയ്ക്ക് പരിഹാരമായി എന്തൊക്കെ നടപടികളാണ് കൃഷി വകുപ്പ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) സാങ്കേതിക വൈദഗ്ദ്ധ്യമുള്ള കൃഷി വകുപ്പുദ്യോഗസ്ഥരുടെ സേവനം ഓഫീസുകളിൽ നിന്നും കൃഷി ഭൂമികളിലേക്ക് കൊണ്ടുവരുന്നതിനായി പുതിയ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശമുണ്ടോ;

(സി) എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**15.06.2012 -ലെ മറുപടിക്ക്**

**<u>നാളികേരത്തിന്റെ താങ്ങുവില</u>**

**1395 ശ്രീ. എളമരം കരീം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **സംസ്ഥാനത്ത് പ്രതിവർഷം ഉൽപാദിപ്പിക്കപ്പെടുന്ന നാളികേരത്തിന്റെ എണ്ണം സംബന്ധിച്ച വിശദാംശങ്ങൾ ജില്ലതിരിച്ച് വെളിപ്പെടുത്തുമോ;**

(ബി) **സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്ന നാളികേരത്തിന്റെയും കൊപ്രയുടെയും എത്ര ശതമാനമാണ് താങ്ങുവിലയ്ക്ക് സംഭരിക്കാൻ ലക്ഷ്യമിട്ടിരുന്നത്; സംഭരണ ഏജൻസികൾ വഴി എത്ര മാത്രം കൊപ്ര സംഭരിക്കപ്പെടുകയുണ്ടായി;**

(സി) **കേന്ദ്രഗവൺമെന്റ് നിശ്ചയിച്ചിരിക്കുന്ന താങ്ങുവില എത്രയാണ്; മാർക്കറ്റിലെ വിലയും താങ്ങുവിലയും തമ്മിൽ ഇപ്പോൾ എത്ര അന്തരം ഉണ്ട്?**

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

<u>നാളികേരത്തിന്റെ താങ്ങുവില</u>

1396 ശ്രീ. വി.എസ്. സുനിൽ കുമാർ
,, പി. തിലോത്തമൻ
ശ്രീമതി ഗീതാ ഗോപി
ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരകർഷകരെ സഹായിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്;

(ബി) നാളികേരത്തിന് താങ്ങുവില പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ താങ്ങുവില എത്രവീതമാണെന്ന് വെളിപ്പെടുത്തുമോ;

(സി) അതിനു ശേഷം നോഡൽ ഏജൻസികളായ കേരഫെഡും, മാർക്കറ്റ് ഫെഡും ഇതിനകം ഈ സീസണിൽ എത്ര ടൺ നാളികേരവും കൊപ്രയും സംഭരിച്ചിട്ടുണ്ട്;

(ഡി) പൊതു വിപണിയിൽ കർഷകരിൽ നിന്നും ഉൽപന്നങ്ങൾ നേരിട്ട് സംഭരിക്കണമെന്ന കർഷകരുടെ ആവശ്യത്തിൻമേലുള്ള നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**നാളികേര ഉത്പാദകസംഘങ്ങൾ**

1397 ശ്രീ. വി. റ്റി. ബൽറാം
,, കെ. ശിവദാസൻ നായർ
,, ജോസഫ് വാഴക്കൻ
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരകർഷകരെ സഹായിക്കാൻ കേന്ദ്ര നാളികേരവികസന ബോർഡ് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്;

(ബി) ഇതിനായി നാളികേര ഉത്ദപാദകസംഘങ്ങൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇവയുടെ പ്രവർത്തനരീതിയും ലക്ഷ്യങ്ങളും എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**കൊപ്ര സംഭരണം**

1398 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, ജെയിംസ് മാത്യൂ
,, സാജൂ പോൾ
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും
അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊപ്ര സംഭരണത്തിനായി സംസ്ഥാനത്ത് ഏതെല്ലാം ഏജൻസികളാണ് രംഗത്തുണ്ടായിരുന്നത്;

(ബി) ഈ ഏജൻസികൾ ഓരോന്നും ഏതളവിൽ കൊപ്ര സംഭരണം നടത്തിയെന്ന് വ്യക്തമാക്കുമോ;

(സി) കൊപ്ര സംഭരണത്തിന് നാഫെഡ് മുന്നോട്ടു വെച്ച മാനദണ്ഡങ്ങൾ എന്തൊക്കെയായിരുന്നു;

(ഡി) ഈ വിളവെടുപ്പ് കാലത്ത് സംസ്ഥാനത്തെ കൊപ്ര സംഭരണം സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) നാഫെഡിന്റെ മാനദണ്ഡങ്ങൾ ഏതെങ്കിലും തരത്തിൽ സംഭരണത്തെ ബാധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**<u>കാസർഗോഡ് ജില്ലയിൽ കൃഷിവകുപ്പിലെ ഒഴിവുകൾ</u>**

**1399 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**

താഴെ കാണുന്ന ചോദ്യത്തിന്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ കൃഷിവകുപ്പിൽ എത്ര ജീവനക്കാരുടെ ഒഴിവുകൾ നിലവിലുണ്ടെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കുമോ?

**കേരള നിയമസഭ**

**15.06.2012 -ലെ മറുപടിക്ക്**

**<u>ചെറുപുഴ കൃഷി ഭവനിലെ തസ്തികകൾ</u>**

**1400 ശ്രീ. സി. കൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ചെറുപുഴ കൃഷി ഭവനിൽ ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഇവിടെ തസ്തികകൾ സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

പച്ചക്കറിവില നിയന്ത്രിക്കാൻ നടപടി

1401 ശ്രീ. വി. ശിവൻകുട്ടി
,, കെ. കെ. നാരായണൻ
,, എം. ഹംസ
ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചക്കറി വില അനിയന്ത്രിതമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് പച്ചക്കറിയുടെ ഉൽപ്പാദനം വർദ്ധിപ്പിച്ചുകൊണ്ട് അവ സർക്കാർ ഔട്ട്ലെറ്റുകൾ വഴി വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ ഇപ്പോൾ നടപ്പാക്കുന്നുണ്ടോ;

(സി) വിപണിയിലെ വിലയിൽ 30 ശതമാനം കുറച്ച് വിൽപ്പന നടത്താൻ ആർക്കെല്ലാം നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നു; ഇപ്രകാരം 30 ശതമാനം വില കുറച്ച് പച്ചക്കറി വില്പന നടക്കുന്നുണ്ടോ;

(ഡി) വില കുറച്ച് നൽകിയ ഇനത്തിൽ ഉണ്ടായ നഷ്ടം നികത്തുന്നതിന് ഏതെല്ലാം ഏജൻസികൾക്ക് എന്ത് തുക ഇതിനകം നൽകുകയുണ്ടായി;

(ഇ) ഇതു സംബന്ധിച്ച തീരുമാനം എടുക്കുന്നതിന് ബഹു. മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ ധനകാര്യവകുപ്പുമന്ത്രി പങ്കെടുക്കുകയുണ്ടായോ; നഷ്ടം നികത്തുന്നതിന് പ്രതീക്ഷിക്കുന്ന ചെലവ് കണക്കാക്കിയിട്ടുണ്ടോ?

# കേരള നിയമസഭ

## 15.06.2012 -ലെ മറുപടിക്ക്

## പച്ചക്കറി ഉല്പാദനവും വിതരണവും

1402 ശ്രീ. പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും, ജനങ്ങൾക്ക് കുറഞ്ഞ വിലയിൽ ഇവ ലഭിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) ഇതിനായി കേന്ദ്ര സർക്കാരിൽ നിന്നും എന്തെല്ലാം സഹായങ്ങളാണ് ലഭിക്കുന്നത്;

(സി) ജൈവകൃഷി പ്രോത്സാഹനത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

## കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

<u>പച്ചക്കറി സംഭരണം</u>

1403 ശ്രീ. വർക്കല കഹാർ
,, ലൂഡി ലൂയിസ്
,, ഡൊമിനിക് പ്രസന്റേഷൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ പച്ചക്കറികളും ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്;

(ബി) കൃഷി വകുപ്പ് നിശ്ചയിക്കുന്ന തറവിലയ്ക്ക് കൃഷിക്കാരിൽ നിന്നും സംഭരിക്കുമ്പോൾ ഉണ്ടാകുന്ന നഷ്ടം വിലസ്ഥിരതാ ഫണ്ടിൽ നിന്നും നൽകുന്ന കാര്യം പരിഗണിക്കുമോ ;

(സി) സംഭരിക്കുന്ന പച്ചക്കറികൾ ഹോർട്ടികോർപ്പ് മുഖേന വില്പന നടത്തുന്ന കാര്യം പരിഗണിക്കുമോ ?

## കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

<u>നഗരങ്ങളിലെ പച്ചക്കറി കൃഷി</u>

1404 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നഗരപ്രദേശങ്ങളിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിന് കൃഷിവകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് ;

(ബി) നഗര പ്രദേശങ്ങളിൽ പച്ചക്കറി കൃഷി ചെയ്യുന്നവർക്ക് പ്രോത്സാഹനം നൽകുന്നതിനായി എന്തൊക്കെ സബ്സിഡികളാണ് നൽകി വരുന്നത് ;

(സി) പ്രോത്സാഹനാർത്ഥം സബ്സിഡി തുകകൾ വർധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**ഹോര്‍ട്ടികോര്‍പ്പിന്റെ പ്രവര്‍ത്തനം**

1405 **ശ്രീ. എ.എ. അസീസ്**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഹോര്‍ട്ടികള്‍ച്ചര്‍ പ്രൊഡക്ട്സ് ഡവലപ്പ്മെന്റ് കോര്‍പ്പറേഷന്റെ പ്രവര്‍ത്തനങ്ങള്‍ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് ഹോര്‍ട്ടികോര്‍പ് വഴി പച്ചക്കറികള്‍ എത്ര ശതമാനം വില കുറച്ചാണ് വില്‍ക്കുന്നത് ;

(സി) പച്ചക്കറി വില പിടിച്ച് നിറുത്തുന്നതിനായി കൂടുതല്‍ സ്റ്റാളുകളും മൊബൈല്‍ യൂണിറ്റുകളും തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**ഹോർട്ടികോർപ്പിന്റെ ചില്ലറ വില്പനകേന്ദ്രങ്ങൾ**

1406 ശ്രീ. പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹോർട്ടികോർപ്പിന്റെ ചില്ലറ വില്പന കേന്ദ്രങ്ങൾ പുതുതായി ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പുതിയ എത്ര ഔട്ട്ലെറ്റുകൾക്ക് തുടക്കം കുറിക്കാൻ സാധിച്ചുവെന്ന് അറിയിക്കുമോ ;

(സി) നടപ്പു സാമ്പത്തിക വർഷം ഇത്തരം എത്ര വിൽപ്പന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുളളത് ; വിശദാംശങ്ങൾ നൽകുമോ ?

## കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

<u>വിഷ വിമുക്തമായ പച്ചക്കറി ഉല്പാദനം</u>

1407 ശ്രീ. എം. ഉമ്മർ
,, അബ്ദുറഹിമാൻ രണ്ടത്താണി
,, സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിറ്റഴിക്കുന്ന, അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള പച്ചക്കറികളിലും, പഴങ്ങളിലും മാരകമായ കീടനാശിനികളുടെ അമിത സാന്നിദ്ധ്യം ഉള്ളതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് സർക്കാരിന്റെ ഏതെങ്കിലും വിഭാഗം പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നല്കുമോ;

(സി) അന്യ സംസ്ഥാന ഉല്പന്നങ്ങളിലെ വിഷ വസ്തുക്കളുടെ സാന്നിദ്ധ്യം പരിശോധനാഫലത്തിന്റെ അടിസ്ഥാനത്തിൽ ജനങ്ങളെ ബോദ്ധ്യപ്പെടുത്താനും, സംസ്ഥാനത്തിനാവശ്യമായ പച്ചക്കറികൾ ഇവിടെത്തന്നെ ഉല്പാദിപ്പിക്കാനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

<u>പച്ചക്കറി വില നിയന്ത്രണം</u>

1408 **ശ്രീമതി പി. അയിഷാ പോറ്റി**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷന
റിയുംവകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) അനിയന്ത്രിതമായി പച്ചക്കറി വില ഉയരുന്നതുമൂലം ജനങ്ങള്‍ ബുദ്ധിമുട്ട് നേരിടുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) പൊതുജനങ്ങള്‍ക്ക് കുറഞ്ഞ ചെലവില്‍ പച്ചക്കറി ലഭ്യമാക്കുവാന്‍ സ്വീകരിച്ച നടപടികള്‍ എന്തെല്ലാമാണ്;

(സി) അനിയന്ത്രിതമായി പച്ചക്കറി വില ഉയരാനുണ്ടായ പ്രധാന കാരണങ്ങള്‍ എന്തെല്ലാമാണ്?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**ധർമ്മടം നിയോജകമണ്ഡലത്തിലെ**
**പച്ചക്കറി കൃഷി പ്രോജക്ട്**

**1409 ശ്രീ. കെ. കെ. നാരായണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) ധർമ്മടം നിയോജകമണ്ഡലത്തിലെ മുഴുവൻ പഞ്ചായത്തുകളിലും പച്ചക്കറി കൃഷി നടത്തുന്നതിനുള്ള പ്രോജക്ട് ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

<u>'വീട്ടിൽ ഒരു മാവ്' പദ്ധതി</u>

1410 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പ് സംസ്ഥാനത്തെ എല്ലാ നിയോജമണ്ഡലങ്ങളിലും 'വീട്ടിൽ ഒരു മാവ്' പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ഏത് ഗ്രാമപഞ്ചായത്തിലാണ് പദ്ധതി നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം എന്തൊക്കെ ആനുകൂല്യങ്ങളാണ് കൃഷിക്കാർക്ക് നൽകുവാൻ ലക്ഷ്യമിടുന്നതെന്നും, എത്ര ഗുണഭോക്താക്കൾ ഉണ്ടാകുമെന്നും വ്യക്തമാക്കുമോ ;

(സി) കൃഷി വകുപ്പ് നേരിട്ടാണോ അതോ മറ്റേതെങ്കിലും ഏജൻസി മുഖേനയാണോ പദ്ധതി നടപ്പിലാക്കുന്നത്; എന്നത്തേയ്ക്ക് പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുവാനാണ് ലക്ഷ്യമിട്ടി ട്ടുളളത്;

(ഡി) പദ്ധതിപ്രകാരം കൃഷിക്കാർക്ക് നൽകുന്ന നടീൽവസ്തുക്കളുടെയും ഉല്പാദനോപാധികളുടെയും ഗുണമേന്മ ഉറപ്പ് വരുത്തുന്നതിലേക്ക് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുളളത്?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

'വീട്ടിൽ ഒരു മാവ്' പദ്ധതിയുടെ വിശദാംശങ്ങൾ

1411 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ആരംഭിച്ച വീട്ടിൽ ഒരു മാവ് എന്ന പദ്ധതി ഈ സാമ്പത്തിക വർഷം ഏതൊക്കെ പഞ്ചായത്തുകളിലാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ബി) ഈ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; ഇനി കൂടുതൽ പഞ്ചായത്തുകളിൽ ഈ പദ്ധതി ആരംഭിക്കു വാൻ ഉദ്ദേശിക്കുന്നുണ്ടോ;ഒരു പഞ്ചായത്തിന് എത്ര ലക്ഷം രൂപയാണ് വിനിയോഗിക്കുന്നത്;പഞ്ചായത്ത് വിഹിതം എത്രയാണ്?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

<u>'വീട്ടിൽ ഒരു മാവ്' പദ്ധതി</u>

1412 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 'വീട്ടിൽ ഒരു മാവ്' പദ്ധതി ഏതെല്ലാം മണ്ഡലത്തിൽ ഇതിനകം നടപ്പിലാക്കിയിട്ടുണ്ട് ;

(ബി) എത്ര വീടുകളിൽ ഇതിനകം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് ;

(സി) വടക്കൻ ജില്ലകളിൽ പദ്ധതി നടപ്പിലാക്കുമ്പോൾ മണ്ണിന്റെ പ്രത്യേകതയനുസരിച്ച് ഏറ്റവും അനുയോജ്യമായ 'കുറ്റ്യാട്ടൂർ' മാവിന്റെ തൈകൾ ഉപയോഗിക്കാമെന്ന ഉറപ്പു പാലിക്കപ്പെടുമോ ?

## കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**'എന്റെ മാവ്' പദ്ധതി നടപ്പിലാക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ**

1413 **ശ്രീ. കെ. രാജു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കൃഷിവകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിരുന്ന 'എന്റെ മാവ്' പദ്ധതി എത്ര നിയോജക മണ്ഡലങ്ങളിൽ നടപ്പിലാക്കി എന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിന് നിലവിൽ ഉള്ള ബുദ്ധിമുട്ടുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ഹോർട്ടികൾച്ചർ മിഷൻ മുഖേന നിലവിൽ ആനുകൂല്യങ്ങൾ നൽകുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

<u>'വീട്ടിലൊരുമാവ്' പദ്ധതി</u>

1414 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 'വീട്ടിലൊരു മാവ്' പദ്ധതി പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട പഞ്ചായത്തുകളിൽ മാവിൻ തൈകൾ വിതരണം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതു ഏജൻസി വഴിയാണ് മാവിൻ തൈകൾ വിതരണം ചെയ്തതെന്നു വ്യക്തമാക്കാമോ;

(സി) പാലക്കാട് ജില്ലയിൽ ഏതെല്ലാം പഞ്ചായത്തുകളിലാണ് മാവിൻ തൈ വിതരണം ചെയ്തിട്ടുള്ളത് എന്നും എത്ര മാവിൻ തൈകളാണ് വിതരണം ചെയ്തിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**കൃഷി വകുപ്പിന്റെ നൂറുദിന കർമ്മ പരിപാടി**

1415 **ശ്രീ. വി. ശിവൻകുട്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റെടുത്തതിനുശേഷം നൂറു ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി കൃഷിവകുപ്പ് ഏതെങ്കിലും പുതിയ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള വ്യക്തമായ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) നേമം നിയോജക മണ്ഡലത്തിൽ ഈയിനത്തിൽ കൃഷി വകുപ്പു ചെലവഴിച്ച തുകയും ആരംഭിച്ച പദ്ധതികളും ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**കാർഷിക വിളകൾക്ക് നഷ്ടപരിഹാരം**

1416 **ശ്രീ. സി. കൃഷ്ണൻ**

താഴെ കാണുന്ന ചോദ്യത്തിന്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

കാലവർഷക്കെടുതിയിൽ നാശം സംഭവിക്കുന്ന കാർഷിക വിളകൾക്ക് നൽകുന്ന നഷ്ടപരിഹാര തുക വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും എങ്കിൽ ഓരോ വിളകൾക്കും എത്ര തുക വീതം നൽകുന്നുണ്ടെന്നും വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**അറുപത് വയസ് കഴിഞ്ഞ ചെറുകിട-നാമമാത്ര കർഷകന് പെൻഷൻ**

1417 **ശ്രീ. കെ. വി. അബ്ദുൾ ഖാദർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അറുപത് വയസ് കഴിഞ്ഞ ചെറുകിട-നാമമാത്ര കർഷകർക്ക് സർക്കാർ പ്രഖ്യാപിച്ച പെൻഷൻ 2011-12 - ൽ എത്രപേർക്ക് നല്കുകയുണ്ടായി; മുൻവർഷം ബഡ്ജറ്റിൽ ഇതിനായി വകയിരുത്തപ്പെട്ട തുകയിൽ എത്ര തുക ചെലവഴിക്കുകയുണ്ടായി ; മുൻ വർഷം എത്ര കർഷകരിൽ നിന്ന് അപേക്ഷ ലഭിച്ചിരുന്നു;

(ബി) ബഡ്ജറ്റിലെ ഈ നിർദ്ദേശം സംബന്ധിച്ച ഗവൺമെന്റ് ഉത്തരവ് ഏത് തീയതിയിലാണ് പുറപ്പെടുവിച്ചത്; ഉത്തരവുകളുടെ പകർപ്പ് മേശപ്പുറത്ത് വയ്ക്കാമോ ;

(ഡി) എത്ര മാസത്തെ കുടിശ്ശിക ഇപ്പോൾ കൃഷിക്കാർക്ക് നൽകുവാനുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**അറുപത് കഴിഞ്ഞ എല്ലാ കർഷകർക്കും പെൻഷൻ**

1418 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അറുപത് കഴിഞ്ഞ എല്ലാ കർഷകർക്കും പെൻഷൻ ലഭ്യമാക്കിയിട്ടുണ്ടോ;

(ബി) പെൻഷന് അർഹരായ അറുപത് പിന്നിട്ട കർഷകരിൽ നിന്നും പെൻഷന് വേണ്ടി ഇതിനകം ലഭിച്ച അപേക്ഷകളെത്രയാണ്; അപേക്ഷിച്ചവർക്കെല്ലാം പെൻഷൻ ലഭ്യമാക്കിയിട്ടുണ്ടോ;

(സി) പെൻഷൻ തുക എത്രയാണ്; അർഹതപ്പെട്ടവർക്ക് എത്ര മാസത്തെ പെൻഷൻ കുടിശ്ശികയായിട്ടുണ്ട്;

(ഡി) പെൻഷൻ നൽകുന്നതിന് തന്നാണ്ടിലെ ബജറ്റിൽ വകയിരുത്തപ്പെട്ട തുക എത്ര?

# കേരള നിയമസഭ

## 15.06.2012 -ലെ മറുപടിക്ക്

**കർഷക പെൻഷൻ ഇനത്തിൽ ചെലവഴിച്ച തുക**

**1419 ശ്രീ. മുല്ലക്കര രത്നാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കർഷകരാണ് കർഷക പെൻഷന് അർഹരായി നിലവിലുള്ളത് ; പെൻഷൻ അപേക്ഷകൾ എല്ലാം പരിഗണിക്കപ്പെട്ടിട്ടുണ്ടോ ;

(ബി) കർഷക പെൻഷൻ ഇനത്തിൽ എത്ര തുകയാണ് ഒരു വർഷം ചെലവഴിക്കുന്നത് ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

വിള ഇൻഷ്വറൻസ് പദ്ധതി

1420 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വിള ഇൻഷ്വറൻസ് പദ്ധതിയിൽ പണം അടച്ച കർഷകരുടെ പേരുവിവരവും, ഒടുക്കിയ തുകയും ഇൻഷ്വറൻസ് കമ്പനിക്ക് കൈമാറാതെ ആഫീസുകളിൽ തന്നെ കെട്ടിക്കിടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആയത് പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**കര്‍ഷക ആത്മഹത്യ - കാരണങ്ങള്‍**

1421 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം സംസ്ഥാനത്ത് എത്ര കര്‍ഷകര്‍ ആത്മഹത്യ ചെയ്തിട്ടുണ്ട് എന്നറിയിക്കാമോ;

(ബി) പ്രസ്തുത കര്‍ഷകരുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) കര്‍ഷകരുടെ ആത്മഹത്യക്ക് നിദാനമായി പരിഗണിക്കപ്പെടുന്ന കാരണങ്ങള്‍ എന്തെല്ലാമാണ്;

(ഡി) കര്‍ഷകരുടെ ആത്മഹത്യ അവസാനിപ്പിക്കാന്‍ എന്തെല്ലാം പരിപാടികള്‍ ആവിഷ്ക്കരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**കര്‍ഷക ആത്മഹത്യ**

1422 ശ്രീ. ഇ. പി. ജയരാജന്‍
,, കെ. കുഞ്ഞമ്മത് മാസ്റ്റര്‍
,, കെ. കുഞ്ഞിരാമന്‍ (ഉദുമ)
,, എസ്. രാജേന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് വര്‍ദ്ധിച്ചു വരുന്ന കര്‍ഷക ആത്മഹത്യകള്‍ തടയുന്നതിന് എന്തെല്ലാം പദ്ധതികളാണ് സര്‍ക്കാര്‍ ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) കാര്‍ഷിക വായ്പകളുടെ പലിശയും ആത്മഹത്യ ചെയ്ത കര്‍ഷകരുടെ വായ്പയും എഴുതിത്തള്ളുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) കര്‍ഷക കടാശ്വാസ കമ്മീഷന്റെ പ്രവര്‍ത്തനം എപ്രകാരം വിപുലീകരിക്കുവാനാണ് സര്‍ക്കാര്‍ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; ഇതു സംബന്ധിച്ച സര്‍ക്കാര്‍ നയം വിശദമാക്കുമോ ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**കര്‍ഷക ആത്മഹത്യ തടയാന്‍ സ്വീകരിച്ച നടപടികള്‍**

**1423** **ശ്രീമതി. ജമീലാ പ്രകാശം**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം എത്ര കര്‍ഷകരാണ് ആത്മഹത്യ ചെയ്തത്;

(ബി) ഇത് സംബന്ധിച്ച് ജില്ല തിരിച്ചുളള കണക്കുകള്‍ ലഭ്യമാക്കാമോ;

(സി) ആത്മഹത്യ ചെയ്ത കര്‍ഷകരുടെ കുടുംബങ്ങള്‍ക്ക് എന്ത് സഹായമാണ് നല്കിയത്;

(ഡി) ഇത് സംബന്ധിച്ച വിശദാംശങ്ങള്‍ വ്യക്തമാക്കാമോ;

(ഇ) കര്‍ഷക ആത്മഹത്യ തടയാന്‍ എന്ത് നടപടികളാണ് സര്‍ക്കാര്‍ സ്വീകരിച്ചിട്ടുളളത്;

(എഫ്) അത് സംബന്ധിച്ച വിശദാംശങ്ങള്‍ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

<u>രാസവളങ്ങളുടെ വിലവര്‍ദ്ധനവ്</u>

1424 ശ്രീ. ഇ. പി. ജയരാജന്‍
,, കെ. കെ. ജയചന്ദ്രന്‍
,, ബാബു എം. പാലിശ്ശേരി
ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) രാസവളങ്ങളുടെ വില വീണ്ടും വര്‍ദ്ധിച്ചിരിക്കുന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) വില നിയന്ത്രണാധികാരം കേന്ദ്ര ഗവണ്‍മെന്റ് കമ്പനികള്‍ക്ക് നല്‍കിയതിനുശേഷം ഇതിനകം എത്ര തവണ രാസവളങ്ങളുടെ വില കൂട്ടുകയുണ്ടായി ; സംസ്ഥാനത്ത് വിതരണം ചെയ്യുന്ന രാസവളങ്ങളും, വില വര്‍ദ്ധനയും സംബന്ധിച്ച വിശദാംശങ്ങള്‍ വെളിപ്പെടുത്തുമോ ;

(സി) യൂറിയ ഉള്‍പ്പെടെ ഏതെല്ലാം വളങ്ങള്‍ക്കാണിപ്പോള്‍ ക്ഷാമം നേരിടുന്നത് ; കൃഷിക്കാര്‍ പ്രതിസന്ധിയിലായിരിക്കുന്ന ഈ സാഹചര്യം നേരിടാന്‍ എന്ത് നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**രാസവളങ്ങളുടെ ദൗർലഭ്യം**

1425 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2011 വർഷത്തില രാസവളങ്ങളുടെ ലഭ്യതക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേന്ദ്ര ഗവൺമെന്റിൽ നിന്ന് പൊട്ടാഷ്, യൂറിയ തുടങ്ങിയ രാസവളങ്ങൾ മതിയായ തോതിൽ അനുവദിച്ചു കിട്ടുന്നതിന് കൃഷിവകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**എൻഡോസൾഫാൻ**

**1426 ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വിവിധ പ്ലാന്റേഷൻ ഓഫീസുകളിൽ സൂക്ഷിച്ചു വച്ചിട്ടുള്ള എൻഡോസൾഫാൻ നശിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇവ നശിപ്പിക്കാൻ എന്തൊക്കെ മുൻ കരുതലുകൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**വളങ്ങളുടേയും കീടനാശിനികളുടേയും ഗുണനിലവാരം**

**1427 ശ്രീ. ചിറ്റയം ഗോപകുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചെടികളുടെയും, കാർഷികവിളകളുടെയും വളർച്ചയ്ക്കും ഉല്പാദനത്തിനും സഹായിക്കുമെന്ന വ്യാജ പരസ്യം നൽകി കൃഷിവകുപ്പിന്റെ അംഗീകാരമോ, ലൈസൻസോ ഇല്ലാതെ ചില കമ്പനികൾ അവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം കമ്പനികളെ നിയന്ത്രിക്കുവാൻ കൃഷിവകുപ്പിൽ പ്രത്യേകമായി നിയമങ്ങൾ നിലവിലുണ്ടോ;

(സി) എങ്കിൽ അവയുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) വളങ്ങളുടേയും കീടനാശിനികളുടേയും ഗുണനിലവാരം നിർണ്ണയിക്കുന്നതിന് എന്തൊക്കെ ക്രമീകരണങ്ങളാണ് കൃഷിവകുപ്പിൽ നിലവിലുള്ളത്; വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ

## 15.06.2012 -ലെ മറുപടിക്ക്

**രാസവളങ്ങളുടെ വിലവര്‍ദ്ധന**

1428 **ശ്രീ. കോടിയേരി ബാലകൃഷ്ണന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം രാസവളങ്ങള്‍ക്ക് കേന്ദ്ര സര്‍ക്കാര്‍ എത്ര തവണ എത്ര രൂപ വീതം വര്‍ദ്ധിപ്പിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) രാസവളങ്ങളുടെ വില നിയന്ത്രിക്കുന്നതിനും, വിലക്കുറവ് നല്‍കുന്നതിനും, ലഭ്യത ഉറപ്പുവരുത്തുന്നതിനും ഈ സര്‍ക്കാര്‍ കാര്‍ഷിക മേഖലയില്‍ എന്തെല്ലാം ഇടപെടലുകള്‍ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(സി) ഇതിനായി എന്തു തുക നീക്കി വെച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

**കേരള നിയമസഭ**
**15.06.2012 -ലെ മറുപടിക്ക്**

<u>**രാസവള സബ്സിഡി**</u>

**1429 ശ്രീ. റ്റി. വി. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) രാസവളങ്ങൾക്കുള്ള സബ്സിഡി വെട്ടിക്കുറച്ച കേന്ദ്ര സർക്കാർ നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) രാസവള സബ്സിഡി വെട്ടിക്കുറച്ച നടപടി കൃഷിക്കാരെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ;

(സി) കൃഷിക്കാർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് ഇത് സംബന്ധിച്ച് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത്

## കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**<u>വളത്തിന് പകരം പണം</u>**

**1430 ശ്രീമതി കെ. കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൃഷിഭവനുകൾ മുഖേന കൃഷിക്കാർക്ക് നൽകുന്ന വളം യഥാസമയം വിതരണം ചെയ്യാൻ തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിളകൾക്ക് യഥാസമയം വളം നൽകുന്നതിന് അംഗീകൃത വളം ഡിപ്പോകളിൽ നിന്നും യഥാസമയം വളം വാങ്ങിയ കർഷകർക്ക് ചെലവായ തുക കൃഷിഭവനുകൾ മുഖാന്തിരം റീ ഇമ്പേഴ്സ് ചെയ്ത് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ

## 15.06.2012 -ലെ മറുപടിക്ക്

<u>ഗ്രീന്‍ഹൗസുകള്‍ക്കുള്ള സബ്സിഡി</u>

1431 **ശ്രീ. എ. എം. ആരിഫ്**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും
സ്റ്റേഷനറിയും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഈ വര്‍ഷം എത്ര ഗ്രീന്‍ഹൗസുകള്‍ സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിരുന്നതെന്നും യഥാര്‍ത്ഥത്തില്‍ സ്ഥാപിക്കപ്പെട്ടവ എത്രയാണെന്നും വിശദമാക്കുമോ;

(ബി) ഈ പദ്ധതിയനുസരിച്ച് ഓരോ ഗ്രീന്‍ ഹൗസിനും സബ്സിഡി ഇനത്തില്‍ എന്ത് തുക നല്‍കുവാനാണ് തീരുമാനിച്ചിരിക്കുന്നത്; ഇതിനായി എന്തു തുക വകയിരുത്തപ്പെട്ടിട്ടുണ്ട്; സബ്സിഡി ഇനത്തില്‍ ഇതിനകം എന്ത് തുക ചെലവായിട്ടുണ്ട് ?

## കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**<u>സമ്മിശ്രകൃഷി</u>**

**1432 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**

താഴെ കാണുന്ന ചോദ്യത്തിന്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ചീമേനിയിലെ പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിലുള്ള തോട്ടത്തിൽ കാര്യക്ഷമമായ രീതിയിൽ സമ്മിശ്രകൃഷി വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

കേരള നിയമസഭ

15.06.2012 -ലെ മറുപടിക്ക്

**കാർഷികാധിഷ്ഠിത വ്യവസായങ്ങൾ**

1433 കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ സി.പി.സി.ആർ.ഐ, പിലിക്കോട് പ്രദേശിക കൃഷിവിജ്ഞാനകേന്ദ്രം, പടന്നക്കാട് കാർഷിക കോളേജ് എന്നിവയുടെ മേൽനോട്ടത്തിൽ ജില്ലയിലെ പ്ലാന്റേഷൻ അധീനതയിലുള്ള സ്ഥലങ്ങളിലോ സർക്കാർ അധീനതയിലുള്ള ഭൂമിയിലോ കാർഷികാധിഷ്ഠിതമായ വ്യവസായങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**

**15.06.2012 -ലെ മറുപടിക്ക്**

**<u>വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് കാർഷിക പരിശീലനം</u>**

**1434** **ശ്രീ. പുരുഷൻ കടലുണ്ടി**

താഴെ കാണുന്ന ചോദ്യത്തിന്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

കാർഷിക വിഷയങ്ങളിൽ വിവിധ കോഴ്സുകൾ നടത്തുന്ന വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് പ്രായോഗിക കാർഷിക പരിശീലനം നൽകാനാവുംവിധം പരിസര പ്രദേശത്ത് മാതൃകാ കൃഷി/ഡയറി ഫാമുകൾ ആരംഭിക്കുന്നതിന് കുടുംബശ്രീ/കർഷക കൂട്ടായ്മകൾക്കും സഹകരണ സംഘങ്ങൾക്കും പങ്കാളിത്തമുള്ള പദ്ധതികൾ അനുവദിക്കാമോ എന്ന് അറിയിക്കുമോ?

**കേരള നിയമസഭ**
**15.06.2012 -ലെ മറുപടിക്ക്**

**<u>കർഷക കടാശ്വാസ കമ്മീഷൻ</u>**

**1435 ശ്രീ. കെ. രാധാകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **കാർഷിക കാടാശ്വാസ കമ്മീഷന്റെ പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;**

(ബി) **ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കർഷകർക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്നുള്ളതു സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ?**

**കേരള നിയമസഭ**
**15.06.2012 -ലെ മറുപടിക്ക്**

**<u>കർഷക കടാശ്വാസ കമ്മീഷൻ</u>**

**1436 ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കർഷക കടാശ്വാസ കമ്മീഷൻ നിലവിലുണ്ടോ; എങ്കിൽ അതിലെ അംഗങ്ങളുടെ പേരുവിവരം ലഭ്യമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഇത് പുന:സംഘടിപ്പിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) കമ്മീഷൻ നിലവിലില്ലാത്തതുമൂലം ജപ്തി അടക്കമുള്ള നടപടികൾക്ക് കർഷകർ വിധേയരാവുകയും, അവർ ആത്മഹത്യയടക്കമുള്ള നടപടികൾക്ക് മുതിരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മുൻപ് കടാശ്വാസ കമ്മീഷൻ ശുപാർശ ചെയ്ത 35 കോടിയിൽ എത്ര തുക കർഷകർക്ക് കൊടുത്തിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
# 15.06.2012 -ലെ മറുപടിക്ക്

**<u>കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം</u>**

**1437 ശ്രീ. എ.എ. അസീസ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു
മന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കർഷക കടാശ്വാസ കമ്മീഷൻ എത്ര തുകയാണ് എഴുതിത്തള്ളിയത്;

(ബി) കടാശ്വാസ കമ്മീഷനിൽ സാമ്പത്തിക പരിമിതി കാരണം എഴുതി തള്ളിയ കടങ്ങൾക്ക് പോലും തുക നൽകാൻ കഴിയാത്ത അവസ്ഥ നിലവിലുള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**കര്‍ഷകര്‍ക്ക് രജിസ്ട്രേഷന്‍**

1438 ശ്രീ. ഷാഫി പറമ്പില്‍
,, ഡൊമിനിക് പ്രസന്റേഷന്‍
,, വി. റ്റി. ബല്‍റാം
,, കെ. ശിവദാസന്‍ നായര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ കര്‍ഷകര്‍ക്ക് രജിസ്ട്രേഷന്‍ ഏര്‍പ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇതുകൊണ്ട് കര്‍ഷകര്‍ക്കുണ്ടാകുന്ന ഗുണങ്ങള്‍ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ആദ്യഘട്ടത്തില്‍ രജിസ്ട്രേഷന്‍ ആരംഭിക്കുന്നത് എവിടെയാണെന്നും സംസ്ഥാനം മുഴുവന്‍ രജിസ്ട്രേഷന്‍ വ്യാപിപ്പിക്കാന്‍ ഉദ്ദേശ്യമുണ്ടോയെന്നും അറിയിക്കുമോ?

**കേരള നിയമസഭ**
**15.06.2012 -ലെ മറുപടിക്ക്**

**<u>സഞ്ചരിക്കുന്ന കാര്‍ഷിക ഗവേഷണ യൂണിറ്റ്</u>**

**1439 ശ്രീ. ചിറ്റയം ഗോപകുമാര്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഗുണമേന്മയുള്ള വിത്തുകള്‍, ഫലവൃക്ഷത്തൈകള്‍, കാര്‍ഷിക ഉപദേശങ്ങള്‍ ആയവ ഗ്രാമീണ കര്‍ഷകര്‍ക്ക് ലഭ്യമാക്കുന്നതിന് സഞ്ചരിക്കുന്ന ഒരു കാര്‍ഷിക ഗവേഷണ യൂണിറ്റ് നലവിലുണ്ടോ;

(ബി) ഗ്രാമീണ മേഖലയ്ക്ക് പ്രാധാന്യം കൊടുത്ത് ഇത്തരമൊരു പദ്ധതി ആരംഭിക്കുന്നതിന് തയ്യാറാകുമോ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**കിസാൻ ക്രെഡിറ്റ് കാർഡിന്റെ ഈടിന്മേൽ ലോൺ**

**1440**

**ശ്രീ. ജെയിംസ് മാത്യു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) വയനാട്, ഇടുക്കി ജില്ലകളിൽ നാമമാത്ര കർഷകർക്ക് കിസാൻ ക്രെഡിറ്റ് കാർഡ് ഈടായി സ്വീകരിച്ച് കാർഷിക ലോൺ നൽകുന്ന പദ്ധതി നടപ്പിലാക്കുമെന്ന ബജറ്റ് പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര കൃഷിക്കാർക്ക് ഈ നിലയിൽ ലോൺ ലഭ്യമാക്കിയിട്ടുണ്ട്; എത്ര കോടി രൂപ ലോണായി നൽകിയിട്ടുണ്ട്;

(സി) മറ്റു ജില്ലകളിലും പദ്ധതി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**കൃഷിഭവനുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ നടപടികൾ**

1441 ശ്രീ. എ. റ്റി. ജോർജ്
,, വി. പി. സജീന്ദ്രൻ
,, സി. പി. മുഹമ്മദ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൃഷി ഭവനുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(ബി) കൃഷി ഭവനുകളിൽ ഓൺ ലൈൻ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; ഇതുകൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

<u>കാര്‍ഷിക മേഖലയില്‍ നിന്നുള്ള വരുമാനം</u>

1442 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തിന്റെ വരുമാനത്തില്‍ കാര്‍ഷിക മേഖലയുടെ പങ്ക് കുറഞ്ഞുവരുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) പ്രധാനമേഖലകളില്‍നിന്നുമുള്ള കഴിഞ്ഞ 5 വര്‍ഷത്തെ കണക്കുകള്‍ വെളിപ്പെടുത്തുമോ;

(സി) കാര്‍ഷിക മേഖലയില്‍ നിന്നുള്ള വരുമാനം കുറഞ്ഞുവരാനുള്ള കാരണങ്ങളെകുറിച്ച് ഏതെങ്കിലും ഏജന്‍സികള്‍ പഠനം നടത്തിയിട്ടുണ്ടോ; എങ്കില്‍ വിശദാംശം ലഭ്യമാക്കുമോ;

(ഡി) കൃഷി പ്രോല്‍സാഹിപ്പിക്കുന്നതിനും കാര്‍ഷിക മേഖലയില്‍ നിന്നുള്ള വരുമാനം വര്‍ധിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് ആവിഷ്ക്കരിച്ചു നടപ്പാക്കുന്നതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**ഇടുക്കി പാക്കേജ്**

**1443 ശ്രീ. മുല്ലക്കര രത്നാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ഇടുക്കി പാക്കേജുമായി ബന്ധപ്പെട്ട് കൃഷി വകുപ്പിന് ഇതിനകം അനുവദിച്ചിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കാമോ;**

(ബി) **ഇതിൽ എന്തു തുക ഇതിനകം ചെലവഴിച്ചു;എന്തെല്ലാം പദ്ധതികളാണ് ഏറ്റെടുത്തിട്ടുള്ളത്?**

**കേരള നിയമസഭ**

**15.06.2012 -ലെ മറുപടിക്ക്**

**<u>എണ്ണപ്പനക്കുരു സംസ്കരണ ഫാക്ടറി</u>**

**1444 ശ്രീ. ബി.ഡി. ദേവസ്സി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ വെറ്റിലപ്പാറയിൽ എണ്ണപ്പനക്കുരുസംസ്കരണ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**

**15.06.2012 -ലെ മറുപടിക്ക്**

**കാര്‍ഷിക മേഖലയില്‍ വിജ്ഞാന വ്യാപന പ്രവര്‍ത്തനങ്ങള്‍**

**1445 ശ്രീ. കെ. ദാസന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കാര്‍ഷിക മേഖലയില്‍ വിജ്ഞാന വ്യാപന പ്രവര്‍ത്തനങ്ങള്‍ ശക്തിപ്പെടുത്താനും കര്‍ഷകര്‍ക്ക് കൃഷി വികസിപ്പിക്കുന്നതിന് സാങ്കേതിക ശാസ്ത്രീയ പരിശീലനവും ഉപദേശങ്ങളും നല്‍കാന്‍ നിലവില്‍ ഏതെല്ലാം സംവിധാനങ്ങളും ഏതെല്ലാം സ്ഥാപനങ്ങളുമാണ് പ്രവര്‍ത്തിക്കുന്നത് ; അത് എവിടെയാണ് സ്ഥിതി ചെയ്യുന്നത് എന്നും വ്യക്തമാക്കാമോ ;

(ബി) കൊയിലാണ്ടി മണ്ഡലത്തില്‍ കാലിത്തീറ്റ ഫാക്റ്ററിയോട് ചേര്‍ന്ന് കാര്‍ഷിക സര്‍വ്വകലാശാല ഉപകേന്ദ്രമോ കേന്ദ്രം തന്നെയോ ആരംഭിക്കുവാന്‍ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**അംഗീകൃത ഫാർമേഴ്സ് ക്ലബ്ബുകൾ**

**1446** **ശ്രീ. കെ. ദാസൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നിലവിൽ പ്രവർത്തിക്കുന്ന എത്ര അംഗീകൃത ഫാർമേഴ്സ് ക്ലബ്ബുകൾ ഉണ്ട് എന്നും അത് എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നത് എന്നും വ്യക്തമാക്കാമോ ;**

(ബി) **ഫാർമേഴ്സ് ക്ലബ്ബിന് എന്തെല്ലാം സഹായ പദ്ധതികളാണ് സർക്കാരിൽ നിന്ന് ലഭ്യമായിട്ടുള്ളത് ; ഓരോ പദ്ധതിയും വിശദീകരിക്കാമോ ;**

(സി) **ഓരോ പദ്ധതിയിലും സഹായം അല്ലെങ്കിൽ ആനുകൂല്യം ലഭിക്കാൻ ഫാർമേഴ്സ് ക്ലബ്ബ് പാലിച്ചിരിക്കേണ്ട നിബന്ധനകൾ എന്തെല്ലാമെന്നും വിശദീകരിക്കാമോ ?**

# കേരള നിയമസഭ

## 15.06.2012 -ലെ മറുപടിക്ക്

**കേരള കാർഷിക സർവ്വകലാശാലയിലെ വിവിധ സ്ഥാപനങ്ങളിൽ തൊഴിലാളി നിയമനം നടത്താൻ നടപടി**

**1447 ശ്രീ. ഇ. ചന്ദ്രശേഖരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരള കാർഷിക സർവ്വകലാശാലയിലെ വിവിധ സ്ഥാപനങ്ങളിൽ ലേബറർ നിയമനത്തിന് തയ്യാറാക്കിയ പട്ടികയിൽ നിന്നും നിയമനം നടത്താത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) തൊഴിലാളികൾ ഇല്ലാത്തതിനാൽ പ്രസ്തുത സ്ഥാപനങ്ങൾ അനുഭവിക്കുന്ന പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത പട്ടികയിൽ നിന്നും നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**കാർഷിക പൊതുമേഖലാ സ്ഥാപനങ്ങളിലെ ഭരണ സമിതികൾ**

1448 **ശ്രീ. ചിറ്റയം ഗോപകുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) **കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പല പൊതുമേഖലാ സ്ഥാപനങ്ങളിലും ഈ സർക്കാർ വന്നശേഷം നാളിതുവരെ ഭരണാധികാരികളോ, ഭരണസമിതികളോ നിലവിൽ വന്നിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;**

(ബി) **എങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കുമോ ?**

**കേരള നിയമസഭ**
**15.06.2012 -ലെ മറുപടിക്ക്**

**കേരള കാർഷിക സർവകലാശാല**
**ഭരണസമിതി രൂപീകരണം**

1449 **ശ്രീ. കെ. രാധാകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരള കാർഷിക സർവ്വകലാശാല ഭരണസമിതി നിലവിലില്ലാതായിട്ട് എത്ര കാലമായെന്ന് അറിയിക്കാമോ;

(ബി) പുതിയ ഭരണസമിതിയിലേക്ക് ഏതെല്ലാം മണ്ഡലങ്ങളിൽ നിന്ന് തെരഞ്ഞെടുപ്പ് നടത്തിയെന്നും അതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുമോ;

(സി) പുതിയ ഭരണസമിതി രൂപീകരിക്കുന്നതിനുള്ള കാലതാമസത്തിന് കാരണങ്ങൾ എന്താണെന്ന് അറിയിക്കുമോ;

(ഡി) ജനാധിപത്യ സംവിധാനത്തിനുള്ള ഭരണസമിതിയുടെ അഭാവത്തിൽ സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ലാത്ത സ്ഥിതിയിലാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ അത് പരിഹരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**കാര്‍ഷിക സര്‍വ്വകലാശാലയിലെ ജനറല്‍ കൗണ്‍സില്‍, എക്സിക്യൂട്ടീവ് എന്നിവയുടെ കാലാവധി**

**1450 ശ്രീ. ഇ. ചന്ദ്രശേഖരന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കാര്‍ഷിക സര്‍വ്വലാശാലയില്‍ ജനറല്‍ കൗണ്‍സില്‍, എക്സിക്യൂട്ടീവ് എന്നിവയുടെ കാലാവധി തീര്‍ന്നത് എന്നാണെന്നറിയിക്കാമോ ;

(ബി) പുതിയ ജനറല്‍ കൗണ്‍സില്‍, എക്സിക്യൂട്ടീവ് എന്നിവ എപ്പോള്‍ നിലവില്‍ വരുമെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**തവനൂർ കാർഷിക എഞ്ചിനീയറിംഗ് കോളേജ് സിവിൽ എഞ്ചിനീയറിംഗ് വിംഗ്**

**1451 ഡോ. കെ. ടി. ജലീൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തവനൂർ കാർഷിക എഞ്ചിനീയറിംഗ് കോളേജിൽ പ്രവർത്തിച്ച് കൊണ്ടിരിക്കുന്ന നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട എഞ്ചിനീയറിംഗ് ഡിവിഷൻ നിർത്തലാക്കാൻ സർവ്വകലാശാല എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ തീരുമാനം അംഗീകരിച്ചിട്ടുണ്ടോ;

(സി) എഞ്ചിനീയറിംഗ് വിംഗ് നിർത്തലാക്കാൻ തീരുമാനിക്കാനുള്ള കാരണമെന്താണെന്ന് വിശദമാക്കാമോ;

(ഡി) ഇതിൽ ജോലിചെയ്യുന്ന ജീവനക്കാരെ എങ്ങനെ നിലനിർത്തുവാനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**തവനൂര്‍ കാര്‍ഷിക എഞ്ചിനീയറിംഗ് കോളേജ് ഫാം തൊഴിലാളികളുടെ നിയമനം**

1452 **ഡോ. കെ. ടി. ജലീല്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) **തവനൂര്‍ കാര്‍ഷിക എഞ്ചിനീയറിംഗ് കോളേജിലെ തൊഴിലാളികളുടെ കുറവ് കാരണം ഫാമിന്റെ പ്രവര്‍ത്തനം അവതാളത്തിലാണെന്നുള്ള കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;**

(ബി) **തൊഴിലാളികളെ നിയമിക്കുന്നതിനു വേണ്ടി കഴിഞ്ഞ സര്‍ക്കാരിന്റെ കാലത്ത് സര്‍വ്വകലാശാല ഇന്റര്‍വ്യൂ നടത്തിയിരുന്നോ;**

(സി) **എങ്കില്‍ ഇതിന്റെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ എന്നും റാങ്ക് ലിസ്റ്റില്‍ നിന്നും നിയമനം നടത്താന്‍ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ;**

(ഡി) **ഇല്ലെങ്കില്‍ തൊഴിലാളികളെ നിയമിക്കുന്നതിനുവേണ്ടി എന്ത് നടപടി എടുക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?**

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**തവനൂര്‍ കാര്‍ഷിക എഞ്ചിനീയറിംഗ് കോളേജ് - ജീവനക്കാരുടെ കുറവ്**

1453 **ഡോ. കെ. ടി. ജലീല്‍.**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) തവനൂര്‍ കാര്‍ഷിക എഞ്ചിനീയറിംഗ് കോളേജില്‍ നോണ്‍ ടീച്ചിംഗ് സ്റ്റാഫിന്റെയും ടെക്നിക്കല്‍ സ്റ്റാഫിന്റെയും കുറവ് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ ഇത് നികത്തുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**<u>തവനൂര്‍ കാര്‍ഷിക എഞ്ചിനീയറിംഗ് കോളേജില്‍</u>**
**<u>അഗ്രികള്‍ച്ചറല്‍ എഞ്ചിനീയറിംഗ് ഡിപ്ലോമാ കോഴ്സ്</u>**

**1454** **ഡോ. കെ. ടി. ജലീല്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) **തവനൂര്‍ കാര്‍ഷിക എഞ്ചിനീയറിംഗ് കോളേജില്‍ 2 വര്‍ഷത്തെ അഗ്രികള്‍ച്ചറല്‍ എഞ്ചിനീയറിംഗ് ഡിപ്ലോമാ കോഴ്സ് ആരംഭിക്കാന്‍ തീരുമാനമെടുത്തിരുന്നോ;**

(ബി) **എങ്കില്‍ അതിനുള്ള നടപടി ഏതുവരെയായി എന്നും എന്നത്തേക്ക് കോഴ്സ് ആരംഭിക്കാന്‍ സാധിക്കുമെന്നും വ്യക്തമാക്കാമോ?**

## കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

നൂറുദിന കർമ്മപരിപാടി

1455 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി മൃഗസംരക്ഷണ വകുപ്പ് പുതിയ പദ്ധതികൾ ഏതെങ്കിലും നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ രംഗത്ത് നേമം നിയോജക മണ്ഡലത്തിൽ നടപ്പിലാക്കപ്പെട്ട പദ്ധതികളുടെ സാമ്പത്തിക, ഭൗതിക വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

<u>സഞ്ചരിക്കുന്ന മൃഗാശുപത്രികൾ</u>

1456 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിന്റെ സഞ്ചരിക്കുന്ന മൃഗാശുപത്രികൾ ഏതെല്ലാം ജില്ലകളിലാണ് ആരംഭിക്കുന്നത് ;

(ബി) കണ്ണൂർ ജില്ലയിൽ എത്ര സഞ്ചരിക്കുന്ന മൃഗാശുപത്രികൾ ആരംഭിക്കുമെന്ന് അറിയിക്കുമോ;

(സി) ആയത് മുഖേന ലഭ്യമാകുന്ന സേവനങ്ങൾ എന്തെല്ലാമെന്നു വിശദമാക്കുമോ;

(ഡി) സഞ്ചരിക്കുന്ന മൃഗാശുപത്രികൾ ആഴ്ചയിൽ ഏതു ദിവസമാണ് ഓരോ പഞ്ചായത്തിലും എത്തുന്നതെന്നും ഏതു കേന്ദ്രത്തിലാണ് എത്തിച്ചേരുന്നതെന്നുമുള്ള സേവനലഭ്യത സംബന്ധിച്ച് പൊതുജനങ്ങൾക്ക് അറിയിപ്പ് നൽകുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ഇ) കന്നുകാലി കർഷകർ ഏറ്റവും അധികമുള്ള പ്രദേശങ്ങൾ ഏതൊക്കെയാണെന്ന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുമായി ആലോചിച്ചു കണ്ടെത്തുവാനും അത്തരം പ്രദേശങ്ങളിൽ പ്രസ്തുത സേവനം ലഭ്യമാക്കുവാനും നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**സമഗ്ര കന്നുകാലി വികസന പദ്ധതി**

1457 **ശ്രീ. സി. ദിവാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പത്ത് കോടി രൂപയുടെ കന്നുകാലി വികസന സമഗ്ര പദ്ധതി ഏതെല്ലാം ഡയറി ബ്ലോക്കുകളിലാണ് നടപ്പിലാക്കിയത്;

(ബി) ഈ പദ്ധതിയ്ക്കായി കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാന ഖജനാവിൽ നിന്ന് എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ഈ കാലയളവിൽ കേന്ദ്രവിഹിതമായി ഈ പദ്ധതിയ്ക്ക് എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**സംയോജിത കന്നുകാലി വികസന പദ്ധതി**

1458 **ശ്രീ. വി. ശശി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പത്തു കോടി രൂപയുടെ സംയോജിത കന്നുകാലി വികസന പദ്ധതി ഏതെല്ലാം ഡയറി ബ്ലോക്കുകളിലാണ് നടപ്പാക്കിയത്;

(ബി) ഈ പദ്ധതിക്കായി കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാന ഖജനാവിൽ നിന്നും എത്ര തുക ചെലവഴിച്ചുവെന്ന് പറയാമോ;

(സി) ഈ കാലയളവിൽ കേന്ദ്ര വിഹിതമായി ഈ പദ്ധതിയ്ക്ക് എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**കാഞ്ഞിരപ്പിള്ളിയിലെ പോത്തിറച്ചി സംസ്കരണ ഫാക്ടറി**

1459 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ചാലക്കുടി മണ്ഡലത്തിലെ കാഞ്ഞിരപ്പിള്ളിയിൽ പോത്തിറച്ചി സംസ്കരണ ഫാക്ടറി നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

## കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

<u>മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ</u>

1460 ശ്രീ. പി. ഉബൈദുള്ള
,, പി. കെ. ബഷീര്‍
,, എന്‍. ഷംസുദ്ദീന്‍
,, കെ. എന്‍. എ. ഖാദര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് പ്രവര്‍ത്തിക്കുന്ന മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്‍ഡ്യ എന്ന സ്ഥാപനത്തിന്റെ സംഭരണ, സംസ്കരണ, വിതരണ രീതി സംബന്ധിച്ച വിശദവിവരം നല്കാമോ;

(ബി) ഈ സ്ഥാപനത്തിലൂടെ വിതരണം ചെയ്യുന്ന ഉല്പന്നത്തിന്റെ ഗുണനിലവാരം ഉറപ്പു വരുത്താന്‍ സ്വീകരിച്ചിട്ടുള്ള മുന്‍കരുതലുകളെന്താണെന്ന് വിശദമാക്കുമോ;

(സി) കെപ്‌ക്കോ ഉല്പന്നങ്ങള്‍ ഹലാല്‍ രീതിയില്‍ തയ്യാറാക്കി വിപണനം ചെയ്യുന്നതു പോലെ എം. പി.ഐ ഉല്പന്നങ്ങളും അത്തരത്തില്‍ വിപണനം നടത്തുന്നത് ഉറപ്പു വരുത്താന്‍ നടപടി സ്വീകരിക്കുമോ;

(ഡി) പോര്‍ക്ക് മാംസത്തിന്റേയും മറ്റിനം മാംസത്തിന്റേയും സംസ്ക്കരണം ഒരുമിച്ച് നടത്തുന്നു എന്ന ധാരണയില്‍ എം. പി. ഐ. യുടെ മറ്റിനം മാംസ ഉല്പന്നങ്ങള്‍ വാങ്ങാന്‍ ഒരു മതവിഭാഗത്തില്‍പ്പെട്ട ആളുകള്‍ മടിക്കുന്ന സാഹചര്യം ഒഴിവാക്കാന്‍ ആവശ്യമായ നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**കുട്ടനാട് പാക്കേജ് - ആടുവളർത്തൽ പദ്ധതി**

**1461 ശ്രീ. ജി. സുധാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി മൃഗസംരക്ഷണ വകുപ്പ് വഴി ആടു വിതരണ പദ്ധതി നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ സ്കീം റിവൈസ് ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ പദ്ധതി അമ്പലപ്പുഴ മണ്ഡലത്തിൽ നടപ്പാക്കുന്നുണ്ടോ; ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ടോ;

(ഡി) അതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**<u>സംയോജിക കന്നുകാലി വികസന പദ്ധതി</u>**

1462 **ശ്രീ. എ. കെ. ബാലൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ സഹായത്തോടെ ഡയറി ബ്ലോക്കുകൾ വഴി നടപ്പാക്കുന്ന സംയോജിത കന്നുകാലി വികസന പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) ഈ പദ്ധതിക്കായി എത്ര രൂപയാണ് കേന്ദ്ര സഹായമായി ലഭിക്കുന്നത്;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഇതിനായി എത്ര രൂപ ലഭിച്ചു; എത്ര രൂപ ചെലവായി; വിശദവിവരം നൽകുമോ ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**കോഴിക്കോട് ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്റർ പ്രവർത്തിപ്പിക്കാൻ നടപടി**

**1463 ശ്രീ. വി. എം. ഉമ്മർമാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കന്നുകാലികളെ വളർത്തി ഉപജീവനമാർഗ്ഗം കണ്ടെത്തുന്ന കോഴിക്കോട് ജില്ലയിലെ കർഷകർക്ക് ഈ മേഖലയിൽ ശാസ്ത്രീയമായ പരിശീലനം നൽകേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ ഉദ്ദേശത്തോടെ കോഴിക്കോട് വെറ്ററിനറി ഹോസ്പിറ്റൽ കോമ്പൗണ്ടിലെ ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്റർ പ്രവർത്തിപ്പിക്കാൻ ആവശ്യമായ പ്രിൻസിപ്പൽ ട്രെയിനിംഗ് ഓഫീസർ ഉൾപ്പെടെയുള്ളവരുടെ തസ്തികകൾ സൃഷ്ടിച്ച് പ്രവർത്തനം ആരംഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**കൊട്ടിയത്തെ എൽ. എം. ടി. സി. യുടെ പ്രവർത്തനം**

1464 **ശ്രീ. ജി. എസ്. ജയലാൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ കൊട്ടിയത്ത് പ്രവർത്തിക്കുന്ന എൽ. എം. ടി. സി - യിൽ നിലവിൽ എത്ര ജീവനക്കാരാണ് ജോലിനോക്കുന്നത്;

(ബി) ജീവനക്കാരുടെ കുറവുമൂലം പ്രസ്തുത സ്ഥാപനം സുഗമമായി പ്രവർത്തിപ്പിക്കുവാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ പ്രശ്നം പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിരുന്നുവോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത സ്ഥാപനം കാര്യക്ഷമമായി പ്രവർത്തിക്കുന്നതിലേയ്ക്ക് ആവശ്യമായ ജീവനക്കാരെ നിയമിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**ആനക്കാംപൊയിൽ മൃഗാശുപത്രിയിൽ ഡോക്ടറെ നിയമിക്കാനുള്ള നടപടി**

1465 ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയുംവകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി നിയോജക മണ്ഡലത്തിലെ ആനക്കാംപൊയിൽ മൃഗാശുപത്രിയിൽ ഡോക്ടർ ഇല്ലാത്തതു മൂലം ക്ഷീരകർഷകർ ഏറെ പ്രയാസപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മലയോര മേഖലയിലെ ക്ഷീരകർഷകർ ഏറെയുള്ള പ്രദേശമെന്നതു കണക്കിലെടുത്ത് ഡോക്ടറെ അടിയന്തിരമായി നിയമിക്കാൻ നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**അമ്പലപ്പുഴ മണ്ഡലത്തിലെ മൃഗാശുപത്രികൾ**

1466 **ശ്രീ. ജി. സുധാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ മൃഗാശുപത്രികൾ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകൾ ഏവ ;

(ബി) ഇതിൽ സ്വന്തമായി കെട്ടിടമില്ലാത്ത മൃഗാശുപത്രികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) സ്വന്തമായി കെട്ടിടമില്ലാത്ത മൃഗാശുപത്രികൾക്ക് കെട്ടിടം നിർമ്മിക്കുവാൻ 2012-2013 വർഷത്തിൽ എന്തു തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) മണ്ഡലത്തിൽ വാടക കെട്ടിടത്തിൽ ഏതെല്ലാം മൃഗാശുപത്രികൾ പ്രവർത്തിക്കുന്നുണ്ട് ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

<u>ധോണി ഫാമിലെ താല്‍ക്കാലിക ജീവനക്കാര്‍</u>

1467 ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കെ. എല്‍. ഡി. ബോര്‍ഡിന്റെ ധോണി ഫാമില്‍ എത്ര താല്‍ക്കാലിക ജീവനക്കാര്‍ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതില്‍ എട്ട് വര്‍ഷത്തില്‍ കൂടുതല്‍ സര്‍വ്വീസുളള എത്ര പേരുണ്ടെന്നും അവര്‍ക്ക് ഇപ്പോള്‍ നല്‍കുന്ന വേതനം എത്രയാണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിൽ മൃഗസമ്പത്തിലെ വർദ്ധനവ്</u>

1468 **ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റ ശേഷം കാസർഗോഡ് ജില്ലയിൽ മൃഗസമ്പത്തിൽ എത്ര ശതമാനം വർദ്ധനവുണ്ടായിട്ടുണ്ടെന്നും പാലുല്പാദനത്തിൽ എത്ര ശതമാനം അധിക ഉല്പാദനം ഉണ്ടായിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**15.06.2012 -ലെ മറുപടിക്ക്**

<u>ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ സീനിയോറിറ്റി</u>

1469 **ശ്രീ. ഇ.കെ. വിജയൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ സീനിയോറിട്ടി ലിസ്റ്റ് പ്രസിദ്ധീകരിച്ചതിൽ 2003ന് ശേഷം സർവ്വീസിൽ വന്നവരിൽ എത്രപേർക്ക് ഗ്രേഡ് I ആയി റേഷ്യോ പ്രമോഷൻ നൽകിയിട്ടുണ്ട്;

(ബി) സമയാസമയങ്ങളിൽ സീനിയോറിട്ടി ലിസ്റ്റ് പ്രസിദ്ധീകരിക്കാത്തത് കാരണം റേഷ്യോ പ്രമോഷൻ ഉള്ള ഇവർക്ക് പ്രമോഷൻ സാധ്യതയും വൻ സാമ്പത്തിക നഷ്ടവും ഉണ്ടാവുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സീനിയോറിട്ടി ലിസ്റ്റിലെ അപാകതകൾ പരിഹരിച്ച് വീണ്ടും ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഡി) കോഴിക്കോട് ജില്ലയിൽ 2012 മാർച്ചിനുള്ളിൽ എത്ര പേർക്ക് കൂടി ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I ആയി സ്ഥാനകയറ്റം നൽകാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ ശമ്പളസ്കെയിൽ ഉയർത്തി നൽകണമെന്ന ആവശ്യം**

1470 **ശ്രീ. പി. തിലോത്തമൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണവകുപ്പിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ വിദ്യാഭ്യാസയോഗ്യത ഉയർത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ; കഴിഞ്ഞ ശമ്പള പരിഷ്ക്കരണത്തിൽ ഇപ്രകാരം ഉയർത്തിയ വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർക്ക് ഉയർന്ന ശമ്പള സ്കെയിൽ അനുവദിച്ചു നൽകിയോ ;

(ബി) വിദ്യാഭ്യാസ യോഗ്യത അനുസരിച്ച് ശമ്പള സ്കെയിൽ ഉയർത്തി നൽകണമെന്ന സംഘടനകളുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ശമ്പളപരിഷ്ക്കരണ അനോമലികൾ പരിഹരിക്കുന്ന മുറയ്ക്ക് ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ ശമ്പള സ്കെയിൽ മെച്ചപ്പെടുത്തി പരിഷ്ക്കരിക്കുമെന്ന ഉറപ്പ് പാലിക്കുമോ ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**സർക്കാർ പ്രസ്സുകൾക്കുവേണ്ടി ചെലവഴിച്ചതുക**

1471 **ശ്രീ. വി. ശിവൻകുട്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2010-11 - ൽ സർക്കാർ പ്രസ്സുകളുടെ നവീകരണത്തിനും, യന്ത്രസാമഗ്രികൾ വാങ്ങുന്നതിനുമായി ബഡ്ജറ്റിൽ എത്ര തുകയാണ് വകയിരുത്തിയിരുന്നത്;

(ബി) പ്രസ്തുത തുക ഉപയോഗിച്ച് ഏതൊക്കെ സർക്കാർ പ്രസ്സുകളിൽ എന്തൊക്കെ യന്ത്രസാമഗ്രികളാണ് വാങ്ങാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ

## 15.06.2012 -ലെ മറുപടിക്ക്

### സർക്കാർ ഗസറ്റ് ലഭ്യമാക്കാൻ നടപടി

1472 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ കുറെ മാസങ്ങളായി സംസ്ഥാനത്തെ താലൂക്ക് തുടങ്ങിയ ഓഫീസുകളിൽ സർക്കാർ ഗസറ്റ് ലഭ്യമാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗസറ്റുകൾ സർക്കാർ ഓഫീസുകളിലും മുൻകാലങ്ങളിൽ വിതരണം ചെയ്തിരുന്ന ഓഫീസുകളിലും ലഭ്യമല്ലാത്തതുമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാനായി ഇവ കൃത്യമായി ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**സർക്കാർ അച്ചടിക്കുന്ന പുസ്തകങ്ങൾ ആവശ്യാനുസരണം ലഭ്യമാക്കാൻ നടപടി**

**1473**

**ശ്രീ. കെ. കെ. നാരായണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് നേരിട്ട് അച്ചടിച്ച് പുറത്തിറക്കുന്ന പുസ്തകങ്ങൾ ആവശ്യത്തിന് ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനായി എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) ഗവൺമെന്റ് പ്രസ്സുകളിലെ തിരക്കാണ് ഇതിന് കാലതാമസമെങ്കിൽ അച്ചടി ജോലികൾ ചെയ്യുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ഈ ജോലി ഏൽപ്പിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ?

## കേരള നിയമസഭ
## 15.06.2012 -ലെ മറുപടിക്ക്

**<u>നിയമസഭാ പ്രസ്സിൽ ജൂനിയർ ഫോർമാൻ - ബൈൻഡിംഗ് തസ്തികയിൽ ഡെപ്യൂട്ടേഷൻ</u>**

**1474 ശ്രീ. വി. ശിവൻകുട്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരള നിയമസഭാപ്രസ്സിൽ എഫ്. ബാബുവിനെ, ജൂനിയർ ഫോർമാൻ - ബൈൻഡിംഗ് തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ടിയാനെ എന്നു മുതൽ എവിടെ നിന്നാണ് വിടുതൽ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) എഫ്. ബാബുവിനെ വിടുതൽ ചെയ്തതുകാരണം നിലവിൽ വന്ന ഒഴിവിൽ, ഒഴിവ് നിലവിൽ വരുന്നതിനുമുമ്പോ ശേഷമോ ആർക്കെങ്കിലും സ്ഥാനക്കയറ്റം നൽകിയിട്ടുണ്ടോ;

(ഡി) പ്രസ്തുത ഒഴിവ് നിലവിൽ വരുന്നതിനുമുമ്പ് ഏതെങ്കിലും ഉദ്യോഗസ്ഥനെ എഫ്. ബാബുവിന്റെ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി നിയമിച്ചിട്ടുണ്ടെങ്കിൽ ഏത് സർവ്വീസ് നിയമപ്രകാരമാണ് പ്രസ്തുത നടപടി കൈക്കൊണ്ടത് എന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത ഉത്തരവിന്റെ പകർപ്പും, പ്രസ്തുത സർവ്വീസ് നിയമത്തിന്റെ പകർപ്പും ലഭ്യമാക്കുമോ;

(എഫ്) വേക്കൻസി നിലവിൽ വരുന്നതിനുമുമ്പ്, അതായത് എഫ്. ബാബുവിനെ ടി തസ്തികയിൽ നിന്ന് വിടുതൽ ചെയ്യുന്നതിനുമുമ്പ് പ്രസ്തുത തസ്തികയിലേക്ക് പ്രമോഷൻ ആർക്കെങ്കിലും നൽകിയിട്ടുണ്ടെങ്കിൽ അങ്ങനെ നിയമവിരുദ്ധ നടപടി സ്വീകരിച്ച ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിവാക്കുമോ?